(സി) ലക്ഷ്യം പൂർത്തിയാകുന്നതോടെ ഈ വർഷം 2,000 ജനനം മാത്രമേ ഒഴിവാക്കാൻ പറ്റൂ. ഇതു സ്വീകരിച്ചവരുടെ ഉല്പാദന ശേഷിയുള്ള വയസ്സിനകത്തായി 5.7 ലക്ഷത്തോളം ജനനങ്ങൾ ഒഴിവാക്കപ്പെട്ടു, ഈ കൊല്ലത്തേയ്ക്കുമാത്രം ജനന നിരക്കിൽ ആയിരത്തിന് 0.08 കുറവുണ്ടാകും.

(ഡി) ഇല്ല.

(ഇ) ഇല്ല.

ജയിലിലെ തടവുകാർക്ക് രോഗനിവാരണ നടപടി

* 82 [109] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാർക്ക് ഫൈലേറിയ തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു തടയുവാൻ എന്തെങ്കിലും നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ ;

(സി) കൊതുക്, വെള്ളം തുടങ്ങിയവയിൽ കൂടിയാണ് ഈ രോഗം ഉണ്ടാകുന്നത് എന്നതുകൊണ്ട് ഈ കാര്യത്തിൽ എന്തെങ്കിലും നിവാരണ നടപടികൾ അടിയന്തിരമായും സ്വീകരിക്കുമോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിലെ ചില തടവുകാർക്ക് ഫൈലേറിയ രോഗം ഉള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) രോഗം ബാധിച്ചവർക്ക് ആവശ്യമായ ചികിൽസ നൽകി വരുന്നു.

(സി) മന്തുരോഗ സർവ്വേ നടത്തി രോഗ ബാധിതരെയെല്ലാം കണ്ടു പിടിച്ച് ചികിൽസ നൽകുന്നതിനും ആവശ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോമിയോ കോളേജ് അദ്ധ്യാപകർക്ക് ഡയറക്ട് പേമെൻറ്

* 83 [110] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ കോളേജ് അദ്ധ്യാപകർക്ക് ഡയറക്ട് പേമെൻറ് നടപ്പിൽ വരുത്തുവാൻ അമാന്തിക്കുന്നതെന്തുകൊണ്ടാണ് ;

(ബി) മാനേജ്മെൻറിന്റെ ചൂഷണത്തിനു വിധേയരായ ഈ വിഭാഗം അദ്ധ്യാപകർക്ക് മറ്റു വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിച്ചുകഴിഞ്ഞ ഡയറക്ട് പേമെൻറ് എന്ന ആനുകൂല്യം ലഭിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ, ബി.) ഈ പ്രശ്നം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

മുനിസിപ്പാലിറ്റികളേക്കാൾ ധനാഗമമാർഗ്ഗമുള്ള പഞ്ചായത്തുകൾ

* 84 [111] ശ്രീ. ദാമോദരൻ കാളാശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുനിസിപ്പാലിറ്റികളേക്കാൾ ധനാഗമമാർഗ്ഗമുള്ള പഞ്ചായത്തുകൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly